**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

BCDIR/82/2022-A3 തീയതി :10/02/2022

ഭരണഭാഷ – മാതൃഭാഷ

സ്വീകർത്താവ്
ഡയറക്ടർ
പട്ടിക ജാതി വികസന വകുപ്പ്

തിരുവനന്തപുരം

സർ,

വിഷയം:–
പി.വി.വി.വ – വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റ് ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന :– 07/10/2021 ലെ 01/2021/PIE&MD നമ്പർ സർക്കാർ ഉത്തരവ്

**മേൽ** വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ സേവനങ്ങൾക്ക് പൊതുജനങ്ങൾ ഹാജരാക്കേണ്ട വിവിധ സാക്ഷ്യപത്രങ്ങളിൽ മാറ്റം വരുത്തിയും ഇളവ് ചെയ്തു കൊണ്ടും സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട സന്ദർഭങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർ ഒഴികെയുള്ളവർ ജാതി സാക്ഷ്യപത്രങ്ങൾക്കു പകരം എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പോ സ്കൂൾ രേഖകളുടെ പകർപ്പോ ഹാജരാക്കുന്നതിനാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് . ടി സാഹചര്യത്തിൽ പിന്നോക്ക വിഭാഗം വിദ്യാർഥികൾക്ക് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സാഹചര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സാക്ഷ്യപത്രം ഒഴിവാക്കി സ്കൂൾ രേഖകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്ന് അറിയിക്കുന്നു. എന്നാൽ സ്കൂൾ രേഖകളിൽ ജാതിരേഖപ്പെടുത്താത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണെന്നും അറിയിക്കുന്നു. ഈ വിവരം എല്ലാ ജില്ലാ പട്ടിക ജാതി വികസന ഓഫീസർമാരെയും അറിയിക്കുന്നതിനും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡയറക്ടർ
(ഇൻ-ചാർജ്)

പകർപ്പ്
എല്ലാ ജില്ലാ പ.ജ.വി. ഓഫീസർമാർക്ക്

Scanned with CamScanner